കവർസ്റ്റോറി ● വി.എം ഇബ്റാഹീം

# ബലിയാടുകളുടെ ചോരക്കുവേണ്ടി

**'സാമൂഹിക,** സാംസ്കാരിക, പൊതുവിനിമയ രംഗങ്ങളിൽ ഇന്ത്യൻമുസ്ലിംകൾ ഭീതിക്ക് അടിപ്പെട്ടിരിക്കുകയാണ്. ഇതര സാമൂഹിക-മതവിഭാഗങ്ങളുമായുള്ള ബന്ധം, തൽസംബന്ധമായ ധാരണകളിലും വ്യാഖ്യാനത്തിലുമുള്ള ഏറ്റപ്പറ്റുകൾ തുടങ്ങി ഒട്ടനവധി മേഖലകളിൽ അസ്വസ്ഥമായ ഈ സാമാന്യബോധം പ്രകടമാണ്. ഈ ധാരണകളിലൊന്ന് ദേശഭക്തിയുമായി ബന്ധപ്പെട്ടതാണ്. ഒരേസമയം 'ദേശവിരുദ്ധർ' എന്നും 'പ്രീണിതർ' എന്നുമുള്ള ഇരട്ട ചാപ്പയുടെ ഭാരം അവർ പേറേണ്ടിവരുന്നു. പ്രതിദിനമെന്നോണം 'ദേശവിരുദ്ധരു'ം 'ഭീകരരു'ം അല്ലെന്ന് തെളിയിക്കേണ്ട ബാധ്യതയാണവർക്ക്. അതേസമയം, ആരോപിക്കപ്പെടുന്ന 'പ്രീണനം' ആവട്ടെ, സമുദായത്തെ സാമൂഹിക-സാമ്പത്തികപുരോഗതിയിൽ വേണ്ട നിലവാരത്തിൽ എത്തിച്ചിട്ടുമില്ല. സമൂഹത്തിൽ ഒരുവിഭാഗം മാത്രമല്ല, പൊതുസ്ഥാപനങ്ങളും ഭരണസംവിധാനങ്ങളും വല്ലാത്ത സംശയദൃഷ്ടിയോടെയാണ് തങ്ങളെ കാണുന്നതെന്ന് അവർക്ക് പരാതിയുണ്ട്. ഇത് അവരുടെ മാനസികനില തളർത്തുന്നു. മാധ്യമങ്ങളാവട്ടെ, മുസ്ലിംകളുടെ ഈ ഒറ്റവാർപ്പ് പ്രതിഛായ നിലനിർത്തിക്കൊണ്ടു പോവുകയാണെന്നും അവർ കരുതുന്നു.'

മുസ്ലിംസ്വത്വം നേരിടുന്ന ഒരു പ്രധാനപ്രശ്നം പൊതുഇടങ്ങളിൽ അവർ മുസ്ലിം ആയി തിരിച്ചറിയപ്പെടുന്നു എന്നതുതന്നെയാണ്. മുസ്ലിം എന്നുതിരിച്ചറിയപ്പെടുന്നതുതന്നെ പലർക്കും പ്രശ്നമായി തോന്നുന്നു. ബുർഖ, പർദ, താടി, തൊപ്പി തുടങ്ങിയ മുസ്ലിംസ്വത്വത്തിന്റെ അടയാളങ്ങൾ ഇന്ത്യൻമുസ്ലിംകൾക്ക് വ്യതിരിക്തത നൽകുമ്പോൾതന്നെ പൊതുഇടങ്ങളിൽ അതവർക്ക് പ്രശ്നമായിത്തീരുകയാണ്. ഈ അടയാളങ്ങൾ സംശയദൃഷ്ടിയോടെ അവരെ നോക്കാൻ എന്നതിനൊപ്പം സമുദായത്തെ അപഹസിക്കാനുമുള്ള നിമിത്തമായിത്തീരുന്നു. താടിയും തൊപ്പിയും വെച്ച മുസ്ലിംകളെ പാർക്കുകൾ, റെയിൽവേ സ്റ്റേഷനുകൾ, മാർക്കറ്റുകൾ തുടങ്ങി പൊതു ഇടങ്ങളിൽനിന്ന് പോലീസ് ചോദ്യംചെയ്യാനായി പൊക്കിക്കൊണ്ടു പോകുന്നു'(സച്ചാർ കമ്മിറ്റി റിപ്പോർട്ട്, പേജ് 11,12).

●

**സ്ഫോടനങ്ങൾ രാജ്യത്ത് തുടർക്കഥയായി മാറുമ്പോഴും കുറ്റവാളികളെ കണ്ടെത്താനാകാതെ ഇരുട്ടിൽ തപ്പുകയാണ് കേന്ദ്രവും വിവിധ സംസ്ഥാന ഭരണകൂടങ്ങളും അവരുടെ അന്വേഷണ ഏജൻസികളും. എവിടെ ബോംബു പൊട്ടിയാലും ഏതോ മുസ്ലിംസംഘടനയുടെ പേരുപറയുന്നു. മുസ്ലിംചെറുപ്പക്കാരെ മുൻവിധിയോടെ, മാധ്യമപ്രചാരവേലകളുടെ അകമ്പടിയോടെ പിടികൂടുന്നു. നിഷ്ഠുരമായി പീഡിപ്പിച്ച് 'കുറ്റസമ്മത'പ്രസ്താവനകൾ ചുട്ടെടുത്ത് മാധ്യമങ്ങൾക്കു നൽകുന്നു. എല്ലാ വിചാരണയും പൂർത്തിയാകുമ്പോൾ നിരപരാധികളെന്നു കണ്ട് ആരുമറിയാതെ അവരെ പുറത്തുവിടുന്നു. ഇതോടെ സ്ഫോടനക്കേസുകൾ തുമ്പില്ലാതാവുന്നു. മാസങ്ങൾക്കുശേഷം അടുത്ത സ്ഫോടനമുണ്ടാകുമ്പോൾ ഇതേ നാടകം ആവർത്തിക്കുന്നു.**

●

'.....ഓരോ താടിക്കാരനെയും പോലീസ് ഐ.എസ്.ഐ ഏജന്റായി കാണുന്നു', 'എന്തെങ്കിലും സംഭവമുണ്ടാകുമ്പോഴേക്ക് പോലീസ് മുസ്ലിംചെറുപ്പക്കാരെ പൊക്കുന്നു', വ്യാജ ഏറ്റുമുട്ടലുകൾ സാധാരണമായിത്തീരുന്നു തുടങ്ങിയ അപകർഷതയിലാണ് മുസ്ലിംകൾ കഴിഞ്ഞുപോരുന്നത്. മുസ്ലിംപ്രദേശങ്ങളിൽ സ്കൂൾ, വ്യവസായശാലകൾ, ആശുപത്രികൾ, ബാങ്കുകൾ എന്നിവയേക്കാൾ കൂടുതൽ പോലീസ് സാന്നിധ്യമാണുള്ളതെന്ന് അവർ പറയുന്നു. നിസ്സാരസംഭവത്തിന്റെ പോലും പേരിൽ സുരക്ഷാ ഉദ്യോഗസ്ഥർ മുസ്ലിംവീടുകളിൽ നിർബാധം കയറിയിറങ്ങുന്നു' (സച്ചാർ റിപ്പോർട്ട്, പേജ് 14).

സ്വതന്ത്ര ഇന്ത്യയിലെ മുസ്ലിംസമുദായത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസസ്ഥിതി കണ്ടെത്താൻ യു.പി.എ സർക്കാർ നിശ്ചയിച്ച ജസ്റ്റിസ് രജീന്ദർസച്ചാർ റിപ്പോർട്ട് സമർപ്പിച്ചത് 2006 നവംബർ 30ന്. സ്വാതന്ത്ര്യത്തിന്റെ ആറു പതിറ്റാണ്ടിനുശേഷവും ഇന്ത്യൻമുസ്ലിംകൾ എവിടെ നിൽക്കുന്നുവെന്നതിന്റെ നേർസാക്ഷ്യമാണ്, 13 സംസ്ഥാനങ്ങളിലൂടെ ഒന്നര വർഷം സഞ്ചരിച്ച് തയാറാക്കിയ പ്രസ്തുത റിപ്പോർട്ട്. സമർപ്പണത്തിന്റെ രണ്ട് ആണ്ട് പൂർത്തിയാകാനിരിക്കുമ്പോഴും ആ റിപ്പോർട്ട് ഉയർത്തിയ വാദകോലാഹലങ്ങൾ കെട്ടടങ്ങിയിട്ടില്ല. രാജ്യത്തെ പ്രബല ന്യൂനപക്ഷത്തെ അവഗണനയുടെ അഗണ്യകോടിയിൽ തള്ളാൻ ഉപയോഗപ്പെടുത്തുന്ന 'പ്രീണന'കഥയുടെ പൊരുൾ തേടുകയും പരിഹരിക്കപ്പെടേണ്ട സമുദായപ്രശ്നങ്ങളുടെ സ്ഥിതിവിവരം കുറിക്കുകയും ചെയ്ത ഈ രേഖ

ഇപ്പോൾ മുസ്‌ലിംകൾക്ക് മറ്റൊരു ബാധ്യതയായിത്തീരുന്ന മട്ടിലാണ് കാര്യങ്ങളുടെ പോക്ക്.

മുസ്‌ലിംസമുദായത്തിന് എന്തോ ചെയ്തു കൊടുത്തെന്ന മട്ടിലാണ് സർക്കാറിനെ പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസും പ്രതിപക്ഷത്തുള്ള ബി.ജെ.പിയും അവരുടെ പരിവാറും സച്ചാർ റിപ്പോർട്ടിനെ കൊണ്ടാടുന്നത്. എന്നാൽ ഈ റിപ്പോർട്ട് ഗൗരവപൂർവം പാർലമെന്റിൽ ചർച്ചക്കെടുക്കാനോ അതിന്മേൽ ഒരു നടപടി റിപ്പോർട്ട് തയാറാക്കാനോ ഉള്ള ശ്രമം പോലും കോൺഗ്രസ്സിന്റെ ഭാഗത്തു നിന്നുണ്ടായില്ല. മറുഭാഗത്ത് സംഘ്പരിവാറാകട്ടെ, റിപ്പോർട്ട് ആയുധമാക്കി മുസ്‌ലിംപ്രീണന ആരോപണത്തിന് കൂടുതൽ എരിവു പകരുകയും ചെയ്തു. അങ്ങനെ നോക്കുമ്പോൾ ഇന്ത്യൻമുസ്‌ലിംകളെ വിളിച്ചുണർത്തി സദ്യക്ക് പുറത്തിരുത്തുക മാത്രമല്ല, അവരെ വേട്ടക്കാർക്കുമുന്നിൽ പിന്നെയും ഉന്നമാക്കി നിർത്തുന്ന കൊടുംചതിയാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ടിലൂടെ കോൺഗ്രസ് ചെയ്തിരിക്കുന്നത്. സച്ചാർ കമ്മിറ്റിയുടെ പ്രാഥമികനിരീക്ഷണങ്ങൾ പോലും മുഖവിലക്കെടുക്കുന്നില്ലെന്നല്ല, അതിന് ഉപോൽബലകമായ മുസ്‌ലിംആവലാതികൾ ആവർത്തിച്ചുറപ്പിക്കുകയാണ് കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ സർക്കാറിന്റെ ഔദ്യോഗികസംവിധാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ഇതിൻെറ അനുഭവസാക്ഷ്യങ്ങളാണ് നാൾക്കുനാൾ വർധിച്ചുവരുന്ന സ്ഫോടനങ്ങളുടെ മറവിൽ കൊണ്ടുപിടിച്ചു നടക്കുന്ന മുസ്‌ലിംവേട്ട. ജനാധിപത്യത്തിന്റെ പേര് ഉയർത്തിപ്പിടിച്ചുകൊണ്ടു തന്നെ, ഒരു സ്റ്റേറ്റിന് എത്രത്തോളം ജനാധിപത്യവിരുദ്ധവും മനഷ്യത്വവിരുദ്ധവും ആയിത്തീരാനാവുമെന്ന് കേന്ദ്ര ഏജൻസികളുടെ ഒത്താശയോടെ വിവിധ സംസ്ഥാനങ്ങളിൽ രൂക്ഷത പ്രാപിച്ചു കൊണ്ടിരിക്കുന്ന ഭരണകൂട ഭീകരതയുടെ കഥകൾ വ്യക്തമാക്കുന്നു.

രാജ്യത്തെ അസ്ഥിരപ്പെടുത്താനായി ദേശവിരുദ്ധശക്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന സ്ഫോടനങ്ങൾ രാജ്യത്ത് തുടർക്കഥയായി മാറുമ്പോഴും കുറ്റവാളികളെ കണ്ടെത്താനാകാതെ ഇരുട്ടിൽ തപ്പുകയാണ് കേന്ദ്രവും വിവിധ സംസ്ഥാന ഭരണകൂടങ്ങളും അവരുടെ അന്വേഷണ ഏജൻസികളും. എവിടെ ബോംബു പൊട്ടിയാലും ഏതോ മുസ്‌ലിം സംഘടനയുടെ പേരുപറയുന്നു. മുസ്‌ലിംചെറുപ്പക്കാരെ മുൻവിധിയോടെ, മാ



ധ്യമപ്രചാരവേലകളുടെ അകമ്പടിയോടെ പിടികൂടുന്നു. നിഷ്ഠുരമായി പീഡിപ്പിച്ച് ‘കുറ്റസമ്മത’പ്രസ്താവനകൾ ചുട്ടെടുത്ത് മാധ്യമങ്ങൾക്കു നൽകുന്നു. ചിലരുടെ രേഖാചിത്രങ്ങളും പടങ്ങളും മാധ്യമങ്ങൾക്ക് നൽകി ഉഗ്രഭീകരകഥകൾ ആഘോഷിക്കുന്നു. എല്ലാ വിചാരണയും പൂർത്തിയാകുമ്പോൾ നിരപരാധികളെന്നു കണ്ട് ആരുമറിയാതെ അവരെ പുറത്തുവിടുന്നു. ഇതോടെ സ്ഫോടനക്കേസുകൾ തുമ്പില്ലാതാവുന്നു. മാസങ്ങൾക്കുശേഷം അടുത്ത സ്ഫോടനമുണ്ടാകുമ്പോൾ ഇതേ നാടകം ആവർത്തിക്കുന്നു. കേസന്വേഷണത്തിൽ സാധ്യതകളുടെ നാനാവശങ്ങളിലേക്കും കണ്ണുതുറക്കുകയാണ് സാമാന്യ മര്യാദ. എന്നാൽ അതിനുപകരം ബോംബ് പൊട്ടിയാൽ പ്രതികൾ തയാർ എന്ന മട്ടിൽ മുസ്‌ലിംപ്രദേശങ്ങളെയും സംഘടനകളെയും ചെറുപ്പക്കാരെയും മാത്രം ടാർഗറ്റ് ചെയ്തുള്ള ഏകപക്ഷീയമായൊരു അന്വേഷണരീതിയാണ് നമ്മുടെ ഏജൻസികൾ സമീപകാലത്തായി രൂപപ്പെടുത്തിയെടുത്തിരിക്കുന്നത്. മനുഷ്യരുടെ സാമാന്യ നീതിബോധത്തെ പരിഹസിക്കുകയും മൗലികാവകാശങ്ങൾ ലംഘിക്കുകയും ചെയ്യുന്ന ഈ രീതിക്ക് തുടക്കം കുറിച്ച ഘട്ടത്തിലാണ് മുൻചൊന്ന നിരീക്ഷണങ്ങളുമായി സച്ചാർ റിപ്പോർട്ട് പുറത്തുവരുന്നത്.

എന്നാൽ തുടർന്നിങ്ങോട്ടും മുസ്‌ലിംകളെ അന്യവത്കരിക്കുന്ന പ്രവണതക്ക് ആക്കംകൂടുന്നതാണ് കണ്ടത്. ഗുജറാത്തിൽ ലോകം കണ്ട ഭീകരമായ നരഹത്യകളിലൊന്നിന് നേതൃത്വം കൊടുത്തവർ ഭരണത്തിലിരുന്ന് ഗോധ്ര തീവെപ്പിന്റെ പേരിൽ പിടികൂടി പീഡിപ്പിക്കുന്ന മുസ്‌ലിം യുവാക്കളിൽ തുടങ്ങി പിന്നീട് സിമി വേട്ടയുടെ പേരിലും സമീപകാലത്ത് ഹൈദറാബാദ്, യു.പി, ജയ്പൂർ, ബാംഗ്ലൂർ, അഹ്മദാബാദ് സ്ഫോടനങ്ങളുടെ പേരിലും നടന്ന മുസ്‌ലിംവേട്ടയുടെ പിന്നാമ്പുറത്തെ ഞെട്ടിക്കുന്ന കഥകൾ രാജ്യം ഏതു ദിശയിലേക്ക് നീങ്ങുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്.

ഈ തിക്തയാഥാർഥ്യങ്ങളിലേക്ക് വിരൽചൂണ്ടിയ രണ്ടുപരിപാടികൾ ഇക്കഴിഞ്ഞ ആറുമാസത്തിനിടെ ന്യൂദൽഹിയിലും ഹൈദരാബാദിലുമായി സംഘടിപ്പിക്കപ്പെടുകയുണ്ടായി. 2008 മാർച്ച് 31, ഏപ്രിൽ ഒന്ന് തീയതികളിൽ ന്യൂദൽഹി മാൻഡി ഹൗസിലെ എൽ.ടി.ജി ഓഡിറ്റോറിയത്തിൽ രാഷ്ട്രീയതടവുകാരുടെ വിമോ

ചനത്തിനുവേണ്ടി പ്രവർത്തിക്കുന്ന കമ്മിറ്റി ഫോർ ദ റിലീസ് ഓഫ് പൊളിറ്റിക്കൽ പ്രിസണേഴ്സ് (സി.ആർ.പി.പി) സംഘടിപ്പിച്ചതായിരുന്നു ആദ്യചടങ്ങ്. ഭരണകൂട പീഡനത്തിന്റെ കദനം പങ്കുവെക്കാൻ അന്ന് ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിൽ നിന്നും ഇരകളും ബന്ധുക്കളുമെത്തിയിരുന്നു. എല്ലാം പിന്നാക്ക, ന്യൂനപക്ഷ, ദലിത്, ആദിവാസി വിഭാഗങ്ങളിൽ പെട്ടവർ. അന്യായമായ കുടിയൊഴിപ്പിക്കലിനെതിരെ, പിരിച്ചുവിടലിനെതിരെ, ഭരണകൂടത്തിന്റെ അന്യായങ്ങൾക്കെതിരെ ശബ്ദിച്ചതിന്റെ പേരിൽ പോലീസും പട്ടാളവും കോടതിയുമായി ചേർന്ന് ഭരണകൂടം അന്യായമായി തടവിലിട്ട് പീഡിപ്പിക്കുന്നതിന്റെ കിടിലൻകഥകളുമായിട്ടായിരുന്നു അവരുടെ വരവ്. ഭർത്താവിനെ വെടിവെച്ചുകൊന്നും മകന് കഴുമരം വിധിച്ചും കുടുംബം മുടിച്ച അധികാരികളുടെ ചെയ്തിക്കെതിരെ പഞ്ചാബിൽനിന്നുള്ള ഉപ്കാർ കൗർ എന്ന വൃദ്ധയുടെ രോഷത്താലുള്ള പൊട്ടിക്കരച്ചിലോടെയായിരുന്നു തുടക്കം. ഒമ്പത് വോൾട്ടുള്ള ബാറ്ററി വാങ്ങി കൈയിൽ പിടിച്ചതിന് രാജീവ്ഗാന്ധി വധക്കേസിൽ പ്രതിയായി ദശകത്തിലേറെയായി ജയിലിൽ കഴിയുന്ന തമിഴ്നാട്ടിലെ പേരറിവാളന്റെ അമ്മ അർപുദം കുയിൽദാസൻ, 22 വർഷമായി ഭാഗൽപൂർ ജയിലിൽ കുറ്റമറിയാതെ കഴുമരത്തിലേക്ക് നാളെണ്ണുന്ന ബീർകുമാർ പാസ്വാന്റെ ഭാര്യ ചന്ദ്രമണി ദേവി, ഭൂമി കൈയേറ്റത്തിനെതിരെ സമരം നടത്തിയതിന് എട്ടുവർഷമായി തടവിൽ കഴിയുന്ന ഒറീസയിലെ മാനിംഗാ മാഞ്ചിയുടെ ഭാര്യ മരിയാ മാഞ്ചി, ജമ്മു കശ്മീരിലെ ഹുർറിയത്ത് പാർട്ടി നേതാവ് സയ്യിദ് അലി ഷാ ഗീലാനി, ഹൈദരാബാദിൽനിന്ന് ഗുജറാത്ത് പോലീസ് കസ്റ്റഡിയിലെടുത്ത് കള്ളക്കേസിൽ കുടുക്കി അവിടെ തടവിലിട്ട മൗലാനാ നസീറുദ്ദീന്റെ കുടുംബാംഗങ്ങൾ തുടങ്ങി എല്ലാവർക്കും പറയാനുണ്ടായിരുന്നത് ഭരണകൂട ഭീകരതയുടെ അപസർപ്പക അനുഭവങ്ങളായിരുന്നു.

മൂവായിരത്തോളം മുസ്‌ലിംകളെ വംശഹത്യക്കിരയാക്കിയ ഹൈന്ദവ വർഗീയവാദികൾക്കെതിരെ ചെറുവിരൽ പൊങ്ങാത്ത ഗുജറാത്തിൽ ഗോധ്രാദുരന്തത്തിന്റെ പേരിൽ പോട്ടാ കരിനിയമത്തിന്റെ കീഴിൽ 80 മുസ്‌ലിംകൾ കഴിഞ്ഞ ആറു വർഷമായി തടവിൽ കഴിയുകയാണ്. അവരുടെ ജാമ്യാപേക്ഷ കോടതികൾ മാറി മാറി പിന്നെയും പിന്നെയും മാറ്റിവെക്കുകയാണ്.

ആന്ധ്രാപ്രദേശിലെ നാരായൺഖേഡ് സ്വദേശിയായ അമ്പത്താറുകാരൻ മതപണ്ഡിതൻ മൗലാനാ മുഹമ്മദ് നസീറുദ്ദീൻ കഴിഞ്ഞ നാലുവർഷമായി ഗുജറാത്തിലെ അഹ്മദാബാദിൽ സബർമതി ജയിലിൽ പോട്ടാ തടവിലാണ്. അടിയന്തരാവസ്ഥക്കാലത്തും ബാബരിദുരന്തവേളയിലുമൊക്കെ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു അദ്ദേഹം. ഏറ്റവുമൊടുവിൽ 'ബീഗംപേട്ട് എയർപോർട്ടിൽ വന്നിറങ്ങുന്ന അമേരിക്കക്കാരെ കൊല്ലാൻ പരിപാടിയിട്ടു' എന്ന പേരിലാണ് ആന്ധ്രാപോലീസ് അദ്ദേഹത്തെ അറസ്റ്റു ചെയ്തത്. പ്രസ്തുതകേസിൽ കോടതി ജാമ്യം നൽകിയപ്പോഴാണ് ഗുജറാത്ത് ക്രൈംബ്രാഞ്ചുകാരെത്തി സംസ്ഥാനത്തിനെതിരെ 'വിശാല ഗൂഢാലോചന നടത്തി' എന്ന പേരിൽ അദ്ദേഹത്തെ കൊണ്ടുപോയി പോട്ടക്കു കീഴിൽ സബർമതി ജയിലിൽ തള്ളുന്നത്. കഴിഞ്ഞ മൂന്നു വർഷമായി ചികിത്സക്കുവേണ്ടിയുള്ള ജാമ്യംപോലും നിഷേധിക്കുന്നതിനു നിമിത്തമായ അദ്ദേഹത്തിന്റെ വൻപാപങ്ങളിലൊന്ന് ബുഷിനെതിരെ പ്രസംഗിച്ചതാണ്.

പാർലമെന്റ് ആക്രമണക്കേസിൽ അന്യായമായി പീഡിപ്പിക്കപ്പെട്ട ശേഷം നിരപരാധിയെന്നു കണ്ട് വിട്ടയക്കപ്പെട്ട ദൽഹി യൂനിവേഴ്സിറ്റി പ്രഫ. സയ്യിദ് അബ്ദുർറഹ്മാൻ ഗീലാനിയായിരുന്നു പ്രസ്തുത പരിപാടിക്ക് ചുക്കാൻ പിടിച്ചത്. തിഹാർ ജയിൽവാസകാലത്ത് താൻ അനുഭവിച്ച പീഡനങ്ങളും നേരിൽ കണ്ട നിരപരാധരുടെ അനുഭവങ്ങളുമാണ് എസ്.എ.ആർ ഗീലാനിയെ ഇത്തരമൊരു സംരംഭത്തിന് പ്രേരിപ്പിച്ചത്.

നാലുമാസം കഴിഞ്ഞ് ഹൈദരാബാദിൽ ആഗസ്റ്റ് 22 മുതൽ 24 വരെ നടന്ന പീപ്പ്ൾസ് ട്രൈബ്യൂണലിനെത്തുമ്പോൾ സ്ഥിതിഗതികൾ പിന്നെയും വഷളായിരുന്നു. മെയ് 13ന് ജയ്പൂർ, ജൂലൈ 26ന് ബാംഗ്ലൂർ, ജൂലൈ 27ന് അഹ്മദാബാദ് എന്നിവിടങ്ങളിലെ സ്ഫോടനങ്ങൾക്കും തുടർന്നുള്ള അന്വേഷണസംഭവങ്ങൾക്കും ശേഷമായിരുന്നു ഹൈദരാബാദ് ട്രൈബ്യൂണൽ. യു.പി, ഹൈദരാബാദ്, മാലേഗാവ്, ജയ്പൂർ സ്ഫോടനങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ നിരപരാധികൾ ഭരണകൂടത്തിന്റെയും പോലീസിന്റെയും പീഡനത്തിന് ഇരയായിരുന്നു. ബാംഗ്ലൂർ, അഹ്മദാബാദ് സ്ഫോടനങ്ങളുടെ പേരിൽ വീണ്ടും ന്യൂനപക്ഷവേട്ട സജീവമായ പശ്ചാത്തലത്തിലായിരുന്നു ഇരകളുടെ ഈ തെളിവെടുപ്പ് പരിപാടി. സാമൂഹികപ്രവർത്തകയും സന്നദ്ധസംഘടനയായ അൻഹദിന്റെ സാരഥിയുമായ ശബ്നം ഹാശ്മിയുടെ മുൻകൈയിൽ ന്യൂദൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന 'പീസ്', ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്വർക്ക് എന്നീ സംഘടനകളാണ് ആന്ധ്രയിലെ നിരവധി സാമൂഹികസംഘടനകളുടെ സഹകരണത്തോടെ മൂന്നു ദിവസം നീണ്ട പീപ്പ്ൾസ് ട്രൈബ്യൂണലിന് വേദിയൊരുക്കിയത്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് പോലീസ്പീഡനത്തിനും മനുഷ്യാവകാശലംഘനത്തിനും ഇരയായ നിരപരാധികളും അവരുടെ ബന്ധുക്കളും സുപ്രീംകോടതി അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ, അസ്ഗർ അലി എഞ്ചിനീയർ, രാംപുനിയാനി, മുൻ ആസാം, സിക്കിം ഹൈക്കോടതി ചീഫ് ജസ്റ്റിസും രാജസ്ഥാൻ സംസ്ഥാന മനുഷ്യാവകാശകമീഷൻ ചെയർമാനുമായിരുന്ന ജസ്റ്റിസ് എസ്.എൻ ഭാർഗവ, ജസ്റ്റിസ് സർദാർ അലി, പി.യു.സി.എൽ പ്രസിഡന്റ് കെ.ജി കണ്ണബിരാൻ, രൂപ്രേഖാ വർമ, പ്രഫ. ഹർഗോപാൽ തുടങ്ങിയ പ്രമുഖർ അണിനിരന്ന ജൂറിക്കുമുമ്പാകെ മൊഴി നൽകാനെത്തി. 'വിശുദ്ധ പശുക്കളും ബലിയാടുകളും' എന്നായിരുന്നു തെളിവെടുപ്പിന് നൽകിയ തലക്കെട്ട്. സ്ഫോടനങ്ങളിലും അനിഷ്ടസംഭവങ്ങളിലും പങ്ക് വ്യക്തമായിട്ടും പ്രത്യേകസമുദായത്തിലോ പാർട്ടിയിലോ പെട്ടവരാണെങ്കിൽ അവരെ പാട്ടിനു വിടുകയും മുസ്‌ലിംവിഭാഗത്തിലുള്ളവരെ സംശയത്തിന്റെ മറവിൽ ബലിയാടാക്കി പീഡിപ്പിക്കുന്നതിനുമെതിരെ ജനശ്രദ്ധ തിരിക്കുകയായിരുന്നു പരിപാടിയുടെ ഉദ്ദേശ്യം.

ഹൈദരാബാദ് സ്ഫോടനത്തിന്റെ പേരിൽ പോലീസ് പിടികൂടി മൃഗീയപീഡനത്തിന് ഇരയാക്കിയ മുഹമ്മദ് റഈസുദ്ദീന്റെ ദുരന്താനുഭവ വിവരണത്തോടെ തുടങ്ങിയ ട്രൈബ്യൂണൽ മൂന്നാംനാളിൽ മഹാരാഷ്ട്രയിലെ മുഹമ്മദ്സാഹിറിന്റെ നവവധുവിന്റെയും ഉമ്മയുടെയും കരച്ചിൽ അടക്കിപ്പിടിച്ച വിവരണത്തോടെ അവസാനിപ്പിക്കുമ്പോൾ ഹൈദരാബാദിലെ സിയാസത്ത് ഓഡിറ്റോറിയത്തിൽ കണ്ണീരും നെടുവീർപ്പും ഒഴിഞ്ഞ നേരമുണ്ടായിരുന്നില്ല.

പ്രകോപനപരമായ പ്രസംഗത്തിന്റെ പേരിൽ ആന്ധ്ര പോലീസ് അറസ്റ്റുചെയ്ത മൗലാനാ നസീറുദ്ദീനെ 2004 സെപ്റ്റംബർ 30ന് കള്ളക്കേസ് പടച്ച് ഗുജറാത്ത് പോലീസ് കൊണ്ടുപോകാനെത്തി

യപ്പോൾ ജനക്കൂട്ടം പ്രതിഷേധിക്കാനെത്തി. സംഘർഷത്തിനിടെ ഗുജറാത്ത്പോലീസുമായി വാക്കുതർക്കത്തിലേർപ്പെട്ട മുജാഹിദ് സലീം ആസ്മി എന്ന ഇരുപത്തിമൂന്നുകാരനെ ഗുജറാത്ത് പോലീസ് ഓഫീസർ നരേന്ദ്ര നേർക്കുനേർ വെടിവെച്ചു കൊല്ലുകയായിരുന്നു. ഈ സംഭവത്തിന് ദൃക്സാക്ഷിയായതാണ് റഈസുദ്ദീൻ ചെയ്ത പാപം. അതിന് പോലീസ് കൊടുത്ത ശിക്ഷയോ? 'എന്നെ പിടിച്ചുകൊണ്ടുപോയി ക്രൂരമായി മർദിച്ചു. സ്വകാര്യ അവയവങ്ങളിലും കിഡ്നിയിലും ഷോക്കേൽപിച്ചു. എന്തിനിത് ചെയ്യുന്നുവെന്നു തിരക്കിയപ്പോൾ കശ്മീർ തീവ്രവാദികളുമായും സ്ഫോടനങ്ങളുമായുമുള്ള ബന്ധം തെളിയിക്കാൻ ഇന്റലിജൻസ് ആവശ്യപ്പെട്ടതാണെന്നായിരുന്നു മറുപടി. ഒടുവിൽ തെളിവില്ലാത്തതിനാൽ രണ്ടു മാസം കഴിഞ്ഞ് വിട്ടയക്കുമ്പോഴേക്കും ഞാൻ തകർന്നുകഴിഞ്ഞിരുന്നു. മർദനം സൃഷ്ടിച്ച ശാരീരികക്ഷതം ഒരു ഭാഗത്ത്, പുറത്തിറങ്ങിയാൽ ഭീകരനെന്ന മട്ടിലുള്ള ജനങ്ങളുടെ തുറിച്ചുനോട്ടം വേറെ. മാന്യമായ തൊഴിൽ നൽകാൻ ആരും തയാറാവുന്നില്ല'-നിസ്സഹായനായി റഈസ് വിലപിച്ചു.

ഇതേ സംഭവത്തിന്റെ പേരിൽ വേട്ടയാടിപ്പിടിച്ച ജുനൈദ് എന്ന യൂനാനി മെഡിക്കൽവിദ്യാർഥിയെ മൂന്നാംമുറക്കു പുറമെ നാർകോ ടെസ്റ്റിന് ബാംഗ്ലൂരിലേക്ക് കൊണ്ടുപോയി. ഇരയുടെ അനുമതി വാങ്ങണമെന്ന നിയമം ലംഘിച്ചെന്നു മാത്രമല്ല, മൃഗങ്ങളെ കൈര്യം ചെയ്യുന്ന വെറ്ററിനറി ഡോക്ടറെപ്പോലെയാണ് തന്നെ ടെസ്റ്റിൽ കൈകാര്യം ചെയ്തതെന്ന് പറഞ്ഞ ജുനൈദിന് ഇപ്പോഴും ഞെട്ടൽ മാറിയിട്ടില്ല. ഈ രണ്ടുപേരും ഒരു സംഘടനയുമായും ബന്ധമുള്ളവരല്ല. എന്നിട്ടും സിമി മുതൽ ലശ്കർ വരെയുള്ള ബന്ധത്തിന്റെ 'കുറ്റസമ്മതം' അവരുടെ പേരിൽ പത്രങ്ങളിൽ അച്ചടിച്ചു വന്നു.

ജൂറിയെയും സദസ്സിനെയും ഞെട്ടിച്ച വിവരണമായിരുന്നു മധ്യപ്രദേശിൽ നിന്നുള്ള നൂർമുഹമ്മദ് എന്ന അഭിഭാഷകന്റേത്. സിമി ബന്ധം ആരോപിച്ച് പിടികൂടിയ യുവാക്കൾക്കുവേണ്ടി കേസ് വാദിക്കാൻ ധാർ കോടതിയിലെത്തിയ അദ്ദേഹത്തെ അഭിഭാഷകർ വിലക്കുകയും കോടതിക്കുള്ളിൽ വെച്ച് കൈയേറ്റം നടത്തുകയും ചെയ്തു. അഭിഭാഷകരുടെ അതിക്രമത്തിനെതിരെ കോടതി ഒരു നടപടിയുമെടുത്തില്ല.

അന്യായതടവിൽ നരകിക്കുന്ന മൂന്നു മക്കളെയോർത്ത് കണ്ണീർവാർക്കുന്ന വിധവയായ ഗോധ്രയിലെ വൃദ്ധമാതാവ് ബീബി ഖാതൂൻ, രണ്ടു സഹോദരങ്ങളുടെ പേരു പറയുമ്പോഴേക്കും വിതുമ്പുന്ന ഇൻഡോറിലെ ആജിൽ പർവേസ്, ഹൈദരാബാദ് നഗരത്തിലെ പേരും പെരുമയുമുള്ള തറവാട്ടിലെ അംഗങ്ങളെ ഒന്നൊന്നായി വേട്ടയാടുന്നതിൽ വിങ്ങിപ്പൊട്ടുന്ന മൗലാനാ നസീറുദ്ദീന്റെ സഹോദരൻ, ഇരകൾക്ക് വേണ്ടി ശബ്ദിച്ചതിന് അകത്തും പുറത്തും ആട്ടും തുപ്പും നേരിട്ട അഹ്മദാബാദിലെ നൂർജഹാൻ ദീവാൻ, കോയമ്പത്തൂരിലെ പ്ലംബർ സർദാർ, മകനെ കാണാതെ തന്നെ താൻ പരലോകം പൂകേണ്ടിവരുമെന്നു പറഞ്ഞ് ആർത്തുകരയുന്ന അഹ്മദാബാദിലെ ഹലീമ ബീവി- ആളും ഊരും മാറുമ്പോഴും എല്ലാവർക്കും പറയാനുള്ളത് ഒരേ കഥ തന്നെ. എല്ലാം പറഞ്ഞുതീർന്ന നെടുവീർപ്പു നിർത്തുംമുമ്പേ അവർ ജൂറിക്കുമുന്നിൽ ചോദ്യമെറിയുകയായി-ഇനി ഞങ്ങൾ എന്തുചെയ്യണം? ആ ചോദ്യത്തിനു മുന്നിൽ കണ്ണുതുടക്കുന്ന ജൂറി അന്തിച്ചുനിൽക്കുകയായിരുന്നു. ഗോധ്രയിലെ ബീബിയുടെ കഥ കേട്ട് കരഞ്ഞ ജൂറി അംഗമായ അസ്ഗർ അലി എഞ്ചിനീയർ ഉള്ളതു പറഞ്ഞു: 'ആ വിധവയുടെ കണ്ണീരിന് ഞങ്ങൾക്ക് മറുപടിയില്ല. നീതിന്യായവ്യവസ്ഥ ഇരകളിലാണ് വിശ്വാസമർപ്പിക്കേണ്ടത്. അവർ അതിശയോക്തി പറയാം, എന്നാൽ ഒരിക്കലും നുണ പറയില്ല. എന്നാൽ നമ്മുടെ പോലീസും കോടതിയും അവരെ കൈയൊഴിയുമ്പോൾ എന്തുചെയ്യും?'

●

**മൂവായിരത്തോളം മുസ്‌ലിംകളെ വംശഹത്യക്കിരയാക്കിയ ഹൈന്ദവ വർഗീയവാദികൾക്കെതിരെ ചെറുവിരൽ പൊങ്ങാത്ത ഗുജറാത്തിൽ ഗോധ്രാദുരന്തത്തിന്റെ പേരിൽ പോട്ടാ കരിനിയമത്തിന്റെ കീഴിൽ 80 മുസ്‌ലിംകൾ കഴിഞ്ഞ ആറുവർഷമായി തടവിൽ കഴിയുകയാണ്. അവരുടെ ജാമ്യാപേക്ഷ കോടതികൾ മാറിമാറി പിന്നെയും പിന്നെയും മാറ്റിവെക്കുകയാണ് പതിവ്. ചേരിപ്രദേശത്തെ താണ വരുമാനക്കാരായ ഇവരിൽ മിക്കവരെയും കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കിയാണ് മോഡി ഭരണകൂടം പോട്ടയിൽ കുടുക്കിയത്.**

●

പരിപാടിയുടെ സംഘാടകരിലൊരാളായ ദൽഹി യൂനിവേഴ്സിറ്റിയിലെ ഹിന്ദി പ്രഫസർ അപൂർവാനന്ദ് മുസ്‌ലിം നിസ്സഹായതയുടെ ആഴം തുറന്നുകാട്ടി: 'ഇത്ര കാലം, അപരിഷ്കൃതരും വിദ്യാവിഹീനരുമായ മതവിശ്വാസികളായതിനാൽ മുസ്‌ലിംകൾ ഭീകരരായി മാറുന്നുവെന്നായിരുന്നു പരാതി. എന്നാൽ ഇപ്പോൾ മുസ്‌ലിംകൾ വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലും ഉന്നതനിലവാരത്തിലേക്ക് കയറിവരുമ്പോൾ അഭ്യസ്തവിദ്യരും ഐ.ടി പ്രഫഷനലുകളും ഉയർന്ന ജോലിക്കാരുമായ മുസ്‌ലിംകളാണ് ഭീകരർ എന്നായിരിക്കുന്നു പുതിയ വിശദീകരണം. എന്തു വന്നാലും ഭീകരമുദ്ര മുസ്‌ലിമിനെ വിട്ടുപോകാത്ത അവസ്ഥ'.

മൂന്നുനാൾ നീണ്ട തെളിവെടുപ്പിനുശേഷം ട്രൈബ്യൂണൽ പുറത്തിറക്കിയ ഇടക്കാല റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ അതിഗുരുതരമാണ്. രാജ്യത്തുടനീളം പോലീസും ബ്യൂറോക്രസിയും വ്യാപകമായ രീതിയിൽ വർഗീയവത്കരിക്കപ്പെട്ടിരിക്കുകയാണെന്നാണ് ട്രൈബ്യൂണലിന്റെ മർമപ്രധാനമായ വിലയിരുത്തൽ. ഇതിൽ രാഷ്ട്രീയഭേദമില്ല. ബി.ജെ.പി ഭരിക്കുന്ന ഗുജറാത്തിലും രാജസ്ഥാനിലും കർണാടകയിലും സംഭവിക്കുന്നതുതന്നെ കോൺഗ്രസിന്റെ ദൽഹിയിലും എൻ.സി.പിയുടെ മഹാരാഷ്ട്രയിലും സി.പി.എമ്മിന്റെ ബംഗാളിലുമൊക്കെ ആവർത്തിക്കുന്നത് ഒരേ അനുഭവങ്ങളാണ്. ഇന്ത്യയിൽ മുസ്‌ലിംകൾക്കെതിരെ അപ്രഖ്യാപിത അടിയന്തരാവസ്ഥ നിലനിൽക്കുകയാണെന്ന് ട്രൈബ്യൂണൽ വ്യക്തമാക്കി. നിയമനിർവഹണത്തിന്റെ ബാലപാഠം പോലും വിസ്മരിക്കുംവിധം ബാർ അസോസിയേഷനുകളും കോടതികൾ പോലും വർഗീയതാൽപര്യത്തിന് വഴങ്ങുകയാണെന്ന ആശങ്കയും ട്രൈബ്യൂണൽ പങ്കുവെച്ചു. മാധ്യമങ്ങളുടെ പ്രചാരണയുദ്ധത്തിനെതിരെയും ആർ.എസ്.എസ് ആസ്ഥാന ആക്രമണം, നാന്ദേഡ്, കാൺപൂർ സ്ഫോടനസംഭവങ്ങൾ എന്നിവയിൽ ഹൈന്ദവവർഗീയകക്ഷികളുടെ പങ്ക് വ്യക്തമായിട്ടും പ്രതികളെ വിശുദ്ധ പശുക്കളായി മേയാൻ വിടുന്നതിനെതിരെയും രോഷമുയർന്നു.

ഇതൊരു സങ്കീർണമായ വഴിത്തിരിവാണ്. ഇന്ന് ഇന്ത്യൻമുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന ഈ പ്രതിസന്ധിയെ സംബന്ധിച്ച് സമുദായം ഇനിയും വേണ്ടത്ര ബോധവാന്മാരല്ല എന്നതാണ് സത്യം. ന്യൂദൽഹിയിലും ഹൈദരാബാദിലും വന്നെത്തിയ ഇരകൾക്കും ബന്ധുക്കൾക്കുമെല്ലാം സ്വകാര്യസംഭാഷണത്തിൽ ഒരുപോലെ പറഞ്ഞ ആവലാതി സമുദായ സംഘടനകളും നേതാക്കളും തങ്ങളെ തിരിഞ്ഞുനോക്കുന്നില്ല എന്നായിരുന്നു. അർപ്പണബോധമുള്ള ഒരു കൂട്ടം സാമൂഹി

കപ്രവർത്തകരുടെയും സന്നദ്ധസംഘടനകളുടെയും ശ്രമം മൂലമാണ് ഇത്തരം വാർത്തകൾ പുറംലോകത്തെത്തുന്നതും നിയമത്തിന്റെ വഴി ഇരകൾക്ക് മുന്നിൽ അപൂർവമായി തുറന്നുകിട്ടുന്നതും. ഭീകരവാദമെന്ന ഉമ്മാക്കിക്കുമുന്നിൽ മറുവാക്ക് മൊഴിയാനോ മറുമരുന്ന് ആലോചിക്കാനോ സാധിക്കാത്തവിധം ചൂളിപ്പോകുകയാണ് സമുദായനേതൃത്വം. ഇതുതന്നെയാണ് ഫാഷിസ്റ്റുകൾക്കും ഉദ്യോഗസ്ഥ, ഭരണ, നിയമസംവിധാനങ്ങളെ നിയന്ത്രിക്കുന്ന അവരുടെ പിണിയാളുകൾക്കും ധൈര്യം പകരുന്നതും. ഏതോ സംഘടനകളുടെ പേര് പറയുന്നതോടെ സമുദായത്തിനകത്തുതന്നെ ശൈഥില്യമുണ്ടാക്കാൻ തൽപരകക്ഷികൾക്ക് സാധിക്കുന്നു.

സിമിവേട്ടയുടെ പൊരുൾ തേടിയിറങ്ങി മുസ്‌ലിംപീഡനത്തിന്റെ ഞെട്ടിക്കുന്ന കഥകൾ പുറത്തുകൊണ്ടുവന്ന 'തെഹൽക' വാരികയുടെ എഡിറ്റർ അറ്റ് ലാർജ് അജിത് സാഹിയും ഇക്കാര്യം അഭിമുഖസംഭാഷണത്തിൽ പരാമർശിച്ചു. അദ്ദേഹം പറഞ്ഞു: 'മാധ്യമങ്ങളോ, അന്വേഷണ ഏജൻസികളോ, കോടതികളോ തങ്ങളെ രക്ഷിക്കുമെന്ന് മുസ്‌ലിംകൾ കരുതേണ്ട. തെരഞ്ഞെടുപ്പുകാലത്ത് പാഞ്ഞുവരുന്ന രാഷ്ട്രീയപാർട്ടികളെയും നമ്പേണ്ട. ഇപ്പോൾ നടന്നുവരുന്ന മുസ്‌ലിംവേട്ടയിൽ നിന്ന് ഒരു രാഷ്ട്രീയപാർട്ടിയും മാറിനിൽക്കുന്നില്ല എന്നോർക്കണം. അതിനാൽ ഒരു പാർട്ടിയും മുസ്‌ലിംകളുടെ രക്ഷക്കെത്തുമെന്നു കരുതാനാവില്ല. സ്വന്തം മതത്തിൻെറ ശക്തിയും സാധ്യതയും തിരിച്ചറിഞ്ഞ്, സമുദായത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി സ്വയം ശാക്തീകരണത്തിനുള്ള ശ്രമങ്ങളാണ് അവർ നടത്തേണ്ടത്. അതാകട്ടെ, ഇന്ത്യയുടെ ബഹുസ്വരമായ സാമൂഹികാവസ്ഥ തിരിച്ചറിഞ്ഞ് മറ്റുള്ളവരെക്കൂടി ഒപ്പം ചേർത്തുകൊണ്ടുള്ള മുന്നേറ്റമായിരിക്കണം'. മുസ്‌ലിം ഇന്ത്യയുടെ സമീപകാല പീഡാനുഭവങ്ങളിലൂടെ നീണ്ട മൂന്നുമാസക്കാലം സഞ്ചരിച്ച് കണ്ടറിഞ്ഞ സത്യത്തിൽ നിന്നുള്ള അജിത് സാഹിയുടെ ഈ അഭ്യർഥനക്ക് സമുദായം ചെവികൊടുക്കുമോ? ഇപ്പോൾ ഉണർന്നില്ലെങ്കിൽ ഇനി ഉണരാനാവില്ല എന്ന തിരിച്ചറിവിലേക്ക് സമുദായം ഉണരാനും ഉണർത്താനും സമയം ഏറെ വൈകിയിരിക്കുന്നു. ■